# ഉഥ്മാൻ ദാൻഫോദിയോ (1751–1817)

നൈജീരിയയിലെ ഫുലാനി ജിഹാദിന്റെ നായകനായ ഉഥ്മാൻ ദാൻ ഫോദിയോയും 18, 19 നൂറ്റാണ്ടുകളിലെ ഇസ്‌ലാമിക നവോത്ഥാന ചരിത്രത്തിൽ എടുത്തുപറയേണ്ട നാമധേയമാണ്. നൈജീരിയൻ മുസ്‌ലിംകളുടെ വിശ്വാസവും കർമവും പരിഷ്‌കരിക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധയൂന്നിയത്. ഒപ്പം അമുസ്‌ലിംകളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. അമുസ്‌ലിംകളായ ഹൗസാ ഭരണാധികാരികളുടെ മർദനങ്ങൾക്കിരയായിക്കൊണ്ടിരുന്ന മുസ്‌ലിംകൾക്ക് അദ്ദേഹം സംരക്ഷണം നല്കി. ഇത് ഗോബോറിലെ അമുസ്‌ലിം ഭരണാധികാരികളുമായുള്ള ഏറ്റുമുട്ടലിന് വഴിതെളിയിച്ചു. 1804-ൽ ഗോബോർ ഭരണാധികാരികൾക്കെതിരെ അദ്ദേഹം യുദ്ധം പ്രഖ്യാപിച്ചു. 1810-ൽ യുദ്ധം അവസാനിക്കുമ്പോൾ ബേനൂർനദിയും നൈജറും വരെയുള്ള മുഴുവൻ പ്രദേശവും ഫുലാനികൾക്ക് അധീനമായിക്കഴിഞ്ഞിരുന്നു. 1817-ൽ ഉഥ്മാൻ ദാൻഫോദിയോ മരണപ്പെട്ടുവെങ്കിലും അദ്ദേഹം അടിത്തറ പാകിയ ഫുലാനീ ഭരണം 1938-ൽ ഇംഗ്ലീഷ് ആധിപത്യത്തിലാകുന്നത് വരെ തുടർന്നു. പശ്ചിമാഫ്രിക്കയിലെയും നൈജീരിയയിലെയും മുസ്‌ലിംകൾ ഉഥ്മാൻ ദാൻഫോദിയോയെ മുജദ്ദിദും ഖുത്ബുമായാണ് ഗണിക്കുന്നത്. അദ്ദേഹത്തിന്റെ *ഇഹ്‌യാഉസ്സുന്ന വ ഇഖ്മാദുൽ ബിദ്അഃ* എന്ന ഗ്രന്ഥം തൗഹീദ് ശക്തമായി അവതരിപ്പിക്കുന്ന മികച്ചൊരു ഗ്രന്ഥമാണ്.